# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : *764 **16.07.2014-** ൽ മറുപടിക്ക്

## അത്യാധുനിക സജ്ജീകരണങ്ങളോടെ ഫ്ളാറ്റ് സമുച്ചയ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. ആർ. സെൽവരാജ് :<br>ശ്രീ. പാലോട് രവി :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി : | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ<br>വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയിൽ അത്യാധുനിക സജ്ജീകരണങ്ങളോടെ ഫ്ളാറ്റ് സമുച്ചയ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന മിഷൻ 676-ൽ ഉൾപ്പെടുത്തി തിരുവനന്തപുരത്ത് സഹകരണ മേഖലയിൽ അത്യാധുനിക സജ്ജീകരണങ്ങളോടെ ഫ്ളാറ്റ് സമുച്ചയ നിർമ്മാണത്തിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>കേരള ലാന്റ് റിഫോംസ് ആന്റ് ഡെവലപ്പ്മെന്റ് സഹകരണ സംഘം (ലാഡർ) കോഴിക്കോട് ജില്ലയിലെ മാങ്കാവിൽ 60 സെന്റ് സ്ഥലം സംഘം വാങ്ങി അവിടെ 49 അപ്പാർട്ട്മെന്റുകളുള്ള സമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. സംഘത്തിന്റെ രണ്ടാമത്തെ പദ്ധതിയായ ഇന്ത്യൻ മാളിന്റെ ശിലാസ്ഥാപനം മലപ്പുറം ജില്ലയിലെ മഞ്ചേരി പട്ടണത്തിന്റെ ഹൃദയഭാഗത്ത് നിർവ്വഹിച്ചിട്ടുണ്ട്. |

| | |
|---|---|
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ; | (ബി) ഇടനിലക്കാരുടെ ചൂഷണമില്ലാതെ മിതമായ നിരക്കിൽ മെമ്പർമാർക്ക് ഫ്ളാറ്റ് ലഭ്യമാക്കുക. സാധാരണക്കാരനും നഗരത്തിൽ ഫ്ളാറ്റെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുക, മെമ്പർമാരായ എല്ലാ ആളുകൾക്കും മിതമായ നിരക്കിൽ തവണ വ്യവസ്ഥയിൽ പാർപ്പിട സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കുക, കാർഷിക പ്രാധാന്യമില്ലാത്ത സ്ഥലം ഉപയുക്തമാക്കുന്നതോടൊപ്പം അംഗങ്ങളുടെ കാർഷികവൃത്തിക്കുകൂടി അനുയോജ്യമായ സ്ഥലത്ത് മാതൃകാപരമായ പാർപ്പിടം നിർമ്മിച്ച് നൽകി കാർഷികമേഖലയെകൂടി പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള പദ്ധതികൾക്ക് രൂപം നൽകുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. |
| സി) ഇതിനുള്ള ധനസഹായം എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ ; | (സി) ഇതിനുള്ള ധനസഹായം പ്രധാനമായും ഓഹരി മൂലധനം, അംഗങ്ങളുടെ നിക്ഷേപം എന്നിവ വഴിയാണ് സംഘം കണ്ടെത്തുന്നത്. സംഘം പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

| | |
|---|---|
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) "മാങ്കാവ് ഗ്രീൻസ്" നിർമ്മാണത്തിനായി കോഴിക്കോട് ജില്ലയിലെ മാങ്കാവിൽ 60 സെന്റ് സ്ഥലം സ്വന്തമായി വാങ്ങി അവിടെ 49 അപ്പാർട്ട്മെന്റുകളുള്ള സമുച്ചയത്തിന്റെ നിർമ്മാണം അതിവേഗം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.<br>മലപ്പുറം ജില്ലയിലെ മഞ്ചേരി പട്ടണത്തിന്റെ ഹൃദയഭാഗത്ത് ഇന്ത്യൻമാളിന്റെ നിർമ്മാണത്തിനായി 80 സെന്റ് സ്ഥലം വാങ്ങി നിർമ്മാണ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്.<br>തിരുവനന്തപുരത്ത് പാങ്ങപ്പാറയിൽ നാഷണൽ ഹൈവെയോട് ചേർന്ന് 2 ഏക്കർ സ്ഥലം സംഘം വാങ്ങി രജിസ്ട്രേഷൻ നടപടികൾ നടന്നു കൊണ്ടിരിക്കുകയാണ്.. |

സെക്ഷൻ ഓഫീസർ